# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7296 11.07.2014 ലെ മറുപടിയ്ക്ക്

## തൃക്കരിപ്പൂർ ഗവ.പോളിടെക്നിക് കോളേജിലെ ബോയ്സ് ഹോസ്റ്റൽ & സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) തൃക്കരിപ്പൂർ ഗവണ്മെന്റ് പോളിടെക്നിക് കോളേജിലെ ബോയ്സ് ഹോസ്റ്റൽ & സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം പുനഃരാരംഭിക്കുന്നതിന് റിവൈസ്ഡ് എ.എസ് നൽകാൻ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) തൃക്കരിപ്പൂർ ഗവണ്മെന്റ് പോളിടെക്നിക് കോളേജിലെ ബോയ്സ് ഹോസ്റ്റൽ & സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണ പ്രവൃത്തിക്ക് DSR 2013 നിരക്കനുസരിച്ച് 723 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി നൽകേണ്ടത് ഉന്നത വിദ്യാഭ്യാസവകുപ്പിൽ നിന്നാണ്. |
| (ബി) ഈ പണി ആദ്യം ചെയ്ത കരാറുകാരനെ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ; | (ബി) എഗ്രിമെന്റ് പ്രകാരം 03.07.2005 ന് തീർക്കേണ്ട പ്രസ്തുത പ്രവൃത്തി രണ്ടു തവണകളിലായി സമയപരിധി 30.09.2008 വരെ നീട്ടിക്കൊടുത്തെങ്കിലും സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടികൾ എടുക്കാതെ അകാരണമായി പ്രവൃത്തി വൈകിപ്പിക്കുകയാണുണ്ടായത്. ചെയ്തുതീർത്ത പ്രവൃത്തിയ്ക്കായി 139.52 ലക്ഷം രൂപ കരാറുകാരന് നൽകിയിട്ടുള്ളതാണ്. ടി പ്രവൃത്തിയ്ക്ക് കൂടിയ നിരക്ക് നൽകുവാൻ നിർവ്വാഹമില്ലാത്തതിനാൽ കരാറുകാരനെ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യാൻ തീരുമാനിച്ചു. |
| (സി) ചീഫ് എഞ്ചിനീയർമാരുടെ മീറ്റിംഗിൽ പുതുക്കിയ എസ്റ്റിമേറ്റിൽ പണി ചെയ്യാൻ തയ്യാറായ കരാറുകാരനെതിരെ നടപടി സ്വീകരിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ? | (സി) ചീഫ് എഞ്ചിനീയർമാരുടെ മീറ്റിംഗിൽ നിലവിലുള്ള കരാറുകാരൻ ഇതുവരെ ചെയ്ത പ്രവൃത്തിയ്ക്ക് പഴയനിരക്കിൽ പണം കൊടുക്കണമെന്നും ബാക്കിയുള്ള പണികൾ പുതുക്കിയ നിരക്കിൽ നിലവിലുള്ള കരാറുകാരനെക്കൊണ്ട് ചെയ്യിക്കുന്നതിനും |

സർക്കാരിനോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചു. എന്നാൽ ഈ പ്രൊപ്പോസൽ സർക്കാർ അംഗീകരിക്കുകയുണ്ടായില്ല. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റിലുള്ള പ്രവൃത്തി ടെണ്ടർ വഴി മാത്രമേ നൽകാൻ കഴിയൂ. ആയതിനാലാണ് കരാറുകാരനെ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യാൻ തീരുമാനിച്ചത്.

**സെക്ഷൻ ഓഫീസർ**